നം: എഫ്3/45276/2016/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം, തീയതി : 17.01.2017

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് – വിരമിക്കുന്ന അദ്ധ്യാപകരുടെ എഫ്.ഐ.പി ബാദ്ധ്യത നിർണ്ണയിക്കുന്നതിന് കാലതാമസം നേരിടുന്നത് – സംബന്ധിച്ച്

* * *

സേവനത്തിൽ നിന്നും വിരമിക്കുന്ന അദ്ധ്യാപകരുടെ എഫ്.ഐ.പി. ഡെപ്യൂട്ടേഷൻ സംബന്ധിച്ച് ബാദ്ധ്യത തിട്ടപ്പെടുത്തുന്നതിനായുള്ള പ്രൊഫോർമയും അനുബന്ധ രേഖകളും എഫ്.ഐ.പി.സെക്ഷനിൽ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ എഫ്.ഐ.പി. ബാദ്ധ്യത സമയബന്ധിതമായി തിട്ടപ്പെടുത്താൻ സാധിക്കാതെ വരുന്നു. ഈ സാഹചര്യത്തിൽ 2017 മാർച്ച്മാസം മുതൽ 2017 ജൂൺ മാസം വരെ വിരമിക്കാൻ പോകുന്ന അദ്ധ്യാപകരുടെ എഫ്.ഐ.പി.സംബന്ധമായ വിവരങ്ങൾ / രേഖകൾ ചുവടെ പറയുന്ന പ്രകാരം മുൻകൂട്ടി എഫ്.ഐ.പി സെക്ഷനിൽ ലഭ്യമാക്കേണ്ടതാണ്.

I. എഫ്.ഐ.പി സംബന്ധിച്ച പ്രൊഫോർമ (പ്രൊഫോർമയുടെ മാതൃക ഉള്ളടക്കം ചെയ്യുന്നു.)

II. എഫ്.ഐ.പി.ഡെപ്യൂട്ടേഷനിൽ എം.ഫിൽ-നു പോയിട്ടുള്ളവർ:

a) എം.ഫിൽ ബിരുദ സർട്ടിഫിക്കറ്റിന്റെ പകർപ്പ്

b) എം.ഫിൽ ഡിസർട്ടേഷൻ സർട്ടിഫിക്കറ്റ് / എം.ഫിൽ പ്രബന്ധത്തിന്റെ ആദ്യ രണ്ട് പേജുകളുടെ പകർപ്പുകൾ

c) എം.ഫിൽ-ന് ഡെപ്യൂട്ടേഷൻ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ്.

d) പി.എച്ച്.ഡിയ്ക്ക് എഫ്.ഐ.പി ഡെപ്യൂട്ടേഷൻ പ്രയോജനപ്പെടുത്തിയിട്ടില്ല എന്നുള്ള പ്രിൻസിപ്പാളിന്റെ ഡിക്ലറേഷൻ.

e) പൂരിപ്പിച്ച എഫ്.ഐ.പി സംബന്ധിച്ച പ്രൊഫോർമ.

III. എഫ്.ഐ.പി.ഡെപ്യൂട്ടേഷനിൽ പി.എച്ച്.ഡി-യ്ക്കു പോയിട്ടുള്ളവർ:

a. പി.എച്ച്.ഡി തീസിസ് സബ്മിഷൻ സർട്ടിഫിക്കറ്റ് / പി.എച്ച്.ഡി പ്രബന്ധത്തിന്റെ ആദ്യ രണ്ട് പേജുകളുടെ പകർപ്പുകൾ.

b. പി.എച്ച്.ഡി ബിരുദ സർട്ടിഫിക്കറ്റിന്റെ പകർപ്പ്

c. പി.എച്ച്.ഡി –യ്ക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ്.

d. എം.ഫില്ലിന് എഫ്.ഐ.പി ഡെപ്യൂട്ടേഷൻ പ്രയോജനപ്പെടുത്തിയിട്ടില്ല എന്നുള്ള പ്രിൻസിപ്പാളിന്റെ ഡിക്ലറേഷൻ.

e. പൂരിപ്പിച്ച എഫ്.ഐ.പി സംബന്ധിച്ച പ്രൊഫോർമ.

202113 GOVERNMENT OF KERALA

**IV. എഫ്.ഐ.പി.ഡെപ്യൂട്ടേഷനിൽ എം.ഫിൽ-നും, പി.എച്ച്.ഡിയ്ക്കും പോയിട്ടുള്ളവർ:**

II ലും III-ലും സൂചിപ്പിച്ചിട്ടുള്ള (d)ഒഴികെയുള്ള രേഖകൾ

പ്രിൻസിപ്പാൾ ടി രേഖകൾ പരിശോധിച്ച് ശരിയാണെന്ന് ഉറപ്പു വരുത്തേണ്ടതും എല്ലാ രേഖകളും മേലൊപ്പ് വച്ച് അയച്ചു തരേണ്ടതുമാണ്.

V. എഫ്.ഐ.പി.ഡെപ്യൂട്ടേഷനിൽ എം.ഫിൽ/ പി.എച്ച്.ഡിയ്ക്ക് പോയിട്ടില്ലാത്ത അദ്ധ്യാപകർ എഫ്.ഐ.പി പ്രൊഫോർമ പൂർണ്ണമായും പൂരിപ്പിച്ച് (എല്ലാ കോളങ്ങളും വ്യക്തമായി അതായത് ,, , - എന്നീ ചിഹ്നങ്ങൾ ഒഴിവാക്കി) പ്രിൻസിപ്പാളിന്റെ മേലൊപ്പോടുകൂടി അയച്ചു തരേണ്ടതാണ്.

N.B.:-

1. 2017 മാർച്ച് മുതൽ 2017 ജൂൺ വരെ വിരമിക്കാൻ പോകുന്ന പ്രിൻസിപ്പാൾമാരുടെ എഫ്.ഐ.പി സംബന്ധിച്ച രേഖകൾ ഡെപ്യൂട്ടി ഡയറക്ടറുടെ മേലൊപ്പോടുകൂടി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.
2. മേൽ സൂചിപ്പിച്ച വ്യവസ്ഥകൾ പാലിച്ചില്ലെങ്കിൽ ഉണ്ടാകുന്ന കാലതാമസത്തിന് മുഴുവൻ ഉത്തരവാദിത്തവും ബന്ധപ്പെട്ട അദ്ധ്യാപകൻ / അദ്ധ്യാപികയ്ക്കും, പ്രിൻസിപ്പാളിനുമായിരിക്കും എന്ന വിവരവും അറിയിക്കുന്നു.
3. അപൂർണ്ണമായ രേഖകൾ ഉൾക്കൊള്ളിച്ചതും, ഭാഗികമായി പൂരിപ്പിച്ചതുമായ എഫ്.ഐ.പി പ്രൊഫോർമ ലഭ്യമാക്കുന്നതുമായ പ്രിൻസിപ്പാൾമാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

ടി സർക്കുലർ ലഭിച്ച് 15 ദിവസത്തിനകം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്/-
ഡോ.എ.എൻ.പത്മകുമാരി
ഡെപ്യൂട്ടി ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:-

1. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാൾമാർക്കും
3. എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർക്കും
4. പെൻഷൻ സെക്ഷൻ (എം & എൻ)
5. അക്കൌണ്ട് സെക്ഷൻ (ജെ സെക്ഷൻ)
6. കരുതൽ ഫയൽ / നടപ്പ് ഫയൽ

/അംഗീകാരത്തോടെ/

Liju. M.
സൂപ്രണ്ട്

പി.ജി : 19.01.2017

200113
GOVERNMENT OF KERALA

## എഫ്.ഐ.പി ഡെപ്യൂട്ടേഷൻ സംബന്ധിച്ച വിവരങ്ങൾ :

| | | |
|---|---|---|
| 1. | അദ്ധ്യാപകന്റെ / അദ്ധ്യാപികയുടെ പേരും, തസ്തികയും | |
| 2. | സ്ഥാപനത്തിന്റെ പേര് | |
| 3. | വിരമിക്കുന്ന തീയതി | |
| 4. | എഫ്.ഐ.പി.പ്രകാരം എം.ഫിൽ / പി.എച്ച്.ഡിയ്ക്ക് പോയിട്ടുണ്ടോ (വ്യക്തമാക്കുക) | എം.ഫിൽ<br>പി.എച്ച്.ഡി |
| 5. | ഡെപ്യൂട്ടേഷൻ കാലാവധി | |
| 6. | എഫ്.ഐ.പി.ഡെപ്യൂട്ടേഷന് തെരഞ്ഞെടുത്ത യു.ജി.സിയുടെ ലെറ്റർ നം & തീയതി | |
| 7. | ഡെപ്യൂട്ടേഷന് സർക്കാരിന്റെ അനുവാദം നൽകിയ ലെറ്റർ നം. & തീയതി | |
| 8. | എം.ഫിൽ / പി.എച്ച്.ഡി ഡിഗ്രി അവാർഡ് ചെയ്ത ലെറ്റർ നമ്പരും തീയതിയും | |
| 9. | എം.ഫിൽ/പി.എച്ച്.ഡി ഡിഗ്രി കരസ്ഥമാക്കിയത് സർക്കാർ ചിലവിലാണോ / സ്വന്തം ചിലവിലാണോ (വിശദമാക്കുക) | |
| 10. | ഡെപ്യൂട്ടേഷൻ കാലയളവ് ദീർഘിപ്പിച്ച് കൊണ്ടാണോ ഡിഗ്രി കരസ്ഥമാക്കിയത് | |
| 11. | തീസിസ് സമർപ്പിച്ച തീയതി | |
| 12. | നിശ്ചിത കാലയളവിൽ തീസിസ് സമർപ്പിച്ചിട്ടില്ലെങ്കിൽ / ബിരുദം കരസ്ഥമാക്കിയില്ലെങ്കിൽ കാരണം വിശദമാക്കുക | |
| 13. | അദ്ധ്യാപകന്റെ ഒപ്പും തീയതിയും | |

മുകളിൽ പ്രസ്താവിച്ച കാര്യങ്ങൾ ശരിയാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

പ്രിൻസിപ്പാളിന്റെ ഒപ്പ്